ഉത്തരം

(എ) വിദ്യാർത്ഥികളുടെ ആവശ്യത്തിന് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ബി, സി) സ്റ്റുഡൻസ് ഓൺലി ട്രിപ്പുകളും ലേഡീസ് ഓൺലി ട്രിപ്പുകളും നിർത്തലാക്കിയിട്ടില്ല. എന്നാൽ ചില ഷെഡ്യൂളുകളിലുള്ള ലേഡീസ് ഓൺലി, സ്റ്റുഡൻസ് ഓൺലി ട്രിപ്പുകൾ പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടകാരണങ്ങൾ

55 [4933] ശ്രീ. എ. സുജനപാൽ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്:
„ അടൂർ പ്രകാശ്:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ അപകടങ്ങളിൽപ്പെടുന്നതിനുള്ള കാരണങ്ങളെന്തെന്ന് പറയാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചു ബസ് ഓടിക്കുന്നതുമൂലം അപകടം ഉണ്ടാകാറുണ്ടോ;

(സി) സർവ്വീസ് നടത്തുന്ന ബസ്സുകളിലെ ഡ്രൈവർമാർ ഡ്യൂട്ടിക്ക് കയറുന്നതിനു മുമ്പ് അവർ മദ്യപിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിലേക്കായി പരിശോധന നിർബന്ധിതമാക്കുമോ?

ഉത്തരം

(എ) അശ്രദ്ധയും സാങ്കേതികമായ തകരാറുകളും മൂലമാണ് ബസ്സുകൾ അപകടങ്ങളിൽപ്പെടുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മദ്യപിച്ച് ഡ്യൂട്ടിക്കെത്തുന്നവരെ സർവ്വീസ് നടത്തുവാൻ നിയോഗിക്കരുതെന്ന് കർശന നിർദ്ദേശമാണ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളത്. മദ്യപിച്ചതായി സംശയം തോന്നുന്ന ജീവനക്കാരെ പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ കടം

56 [4934] ശ്രീ. എ. കെ. മണി:
„ കെ. സി. വേണുഗോപാൽ:
„ ലൂഡി ലൂയിസ്:
„ ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly